# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4114

**25.06.2014 -ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കുഴൽക്കിണർ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |

എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭൂജല വകുപ്പ് ഏതെല്ലാം സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ;

എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കാരോട് ഗ്രാമപഞ്ചായത്തിലെ കാക്കവിള അംഗൻവാടി, കല്ലുവെട്ടാൻകുഴി, കരുമരം-പുതുവൽ, വടൂർക്കോണം-പുല്ലുവിള കോളനി, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ ഇളവനിക്കര-ഈരാറ്റിൻപുറം, നെയ്യാറ്റിൻകര താലൂക്കാശുപത്രി, പ്ലാവിള-മലഞ്ചാണി, അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ തോപ്പുവിള എന്നീ പ്രദേശങ്ങളിൽ കുഴൽകിണർ, മിനി ജലവിതരണ പദ്ധതികൾ എന്നിവ നടപ്പിലാക്കി കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

ബി) ഏതെല്ലാം സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മിച്ചശേഷം മെഷീൻ സ്ഥാപിക്കാതെയുണ്ടെന്നും മെഷീൻ സ്ഥാപിക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ;

ബി) കുഴൽക്കിണർ നിർമ്മിച്ചശേഷം മെഷീൻ സ്ഥാപിക്കാത്ത സ്ഥലങ്ങളുടെ പേരും അതിനുള്ള കാരണവും ചുവടെ ചേർക്കുന്നു.

| സ്ഥലത്തിന്റെ പേര് | മെഷീൻ സ്ഥാപിക്കാത്തതിനുള്ള കാരണം |
|---|---|
| 1.അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ മണലുവിള | മിനിജലവിതരണ പദ്ധതി നടപ്പിലാക്കാനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. |

| | |
|---|---|
| 2.നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ മാമ്പഴക്കര-കരിപ്രക്കോണം | മിനിജലവിതരണ പദ്ധതിക്കുള്ള ടെൻഡർ നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 3.നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ മുട്ടയ്ക്കാട്-കൈതച്ചാണി | പ്രദേശവാസികളുടെ എതിർപ്പ് കാരണം മിനിജലവിതരണ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |

സി) മെഷീനുകൾ സ്ഥാപിച്ച് പ്രസ്തുത കിണറുകൾ എന്ന് ഉപയോഗ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

സി) മെഷീനുകൾ സ്ഥാപിച്ച് കിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു

സെക്ഷൻ ഓഫീസർ